## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1819

05.12.2014-ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിലും, നഗരസഭകളിലും വാർഡ് വിഭജനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ഡോ.എം.കെ.മുനീർ (ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | സംസ്ഥാനത്ത് പഞ്ചായത്തുകളിലും, നഗരസഭകളിലും വാർഡ് വിഭജനം നടത്താൻ ഉദ്ദേശമുണ്ടോ; പഞ്ചായത്തുകൾ വിഭജിക്കാൻ ഉദ്ദേശമുണ്ടോ നിലവിലുള്ള സംവരണസ്വഭാവം വ്യത്യാസം വരുത്താൻ ഉദ്ദേശമുണ്ടോ; ഇക്കാര്യത്തിൽ സർക്കാരിന് തീരുമാനം കൈക്കൊള്ളാൻ കഴിയുമോ; വ്യക്തമാക്കാമോ; | എ) | കേരള പഞ്ചായത്ത് രാജ് നിയമം 10-ാം വകുപ്പ് പ്രകാരം പഞ്ചായത്തുകളുടെ വാർഡ് വിഭജനം നടത്തുന്നതിനുള്ള ചുമതല സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷനാണ്. പുതിയ ഡീലിമിറ്റേഷൻ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ. |
| ബി) | നിലവിലുള്ള സംവരണ വാർഡുകൾ ഒരു ടേം കൂടി തുടരാൻ തീരുമാനം എടുക്കാൻ ഉദ്ദേശമുണ്ടോ; വ്യക്തമാക്കാമോ; | ബി) | കേരള പഞ്ചായത്ത് രാജ് നിയമം 6, 7, 8, 9 വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന് മുന്നോടിയായി സംവരണ വാർഡുകൾ പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. |
| സി) | എത്ര ജനസംഖ്യക്കാണ് ഒരു വാർഡ്, ഒരു ഗ്രാമപഞ്ചായത്തിൽ എത്ര വാർഡ്, ജനസംഖ്യ-മാനദണ്ഡം എത്ര എന്നിവ വ്യക്തമാക്കാമോ; പഞ്ചായത്തുകൾ-മുനിസിപ്പാലിറ്റികൾ ആക്കുന്നതിനും ടൗൺ പഞ്ചായത്തുകൾ ആക്കുന്നതിനും നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ? | സി) | ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. |

സെക്ഷൻ ഓഫീസർ